# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 131 | 12/07/2016 -ൽ മറുപടിയ്ക്ക്

## ജൈവകൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.ടി.എ. റഹീം<br>,, എസ്.രാജേന്ദ്രൻ<br>,, വി.കെ. ശശി<br>ശ്രീമതി.വീണാ ജോർജ്ജ് | | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ; | എ) | ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നല്ല കൃഷിമുറകൾ പാലിച്ചു കൊണ്ട് സുരക്ഷിതമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി ക്ലസ്റ്ററുകൾ രൂപീകരിക്കുകയും, കൃഷിയിടത്തിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനും നല്ല കൃഷി മുറകൾ പാലിച്ച് കൃഷി ചെയ്ത ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ തരംതിരിച്ച് പ്രത്യേക പായ്ക്കിംഗ് ലേബലോടു കൂടി വില്പന നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ GAP (Good Agricultural Practices) സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ - കേരള മുഖേന PGS (Participating guaranty system) സർട്ടിഫിക്കേഷൻ ഈ വർഷം തന്നെ നടപ്പിലാക്കുന്നതാണ്. ഇത് വഴി ജൈവോത്പന്നങ്ങളുടെ ഗുണനിലവാരവും ഉയർന്ന വിലയും ഉറപ്പാക്കാം. ജൈവകൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന നിയോജകമണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് അവാർഡ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സുരക്ഷിത ഭക്ഷ്യോല്പാദന പദ്ധതിയുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് മുഖേന സംസ്ഥാനത്തെ വിവിധ മാർക്കറ്റുകളിൽ നിന്നും ശേഖരിച്ച പഴം, പച്ചക്കറി സാമ്പിളുകളിലെ കീടനാശിനികളുടെ തോത് പരിശോധിച്ച് പരസ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ജൈവ കാർഷികോല്പന്നങ്ങൾക്ക് ഹോർട്ടികോർപ്പ് വഴിയോ കൃഷിവകുപ്പ് നേരിട്ടോ പ്രത്യേക വിപണി ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | ജൈവ കാർഷിക ഉല്പന്നങ്ങളുടെ വിപണി ശക്തിപ്പെടുത്തുന്നതിനായി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 40 ഇക്കോഷോപ്പുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ ഓണക്കാലത്ത് ഓണം സമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കും. ജൈവ കാർഷിക ഉല്പന്നങ്ങൾ വിവിധ ഏജൻസികൾ വഴി സംഭരിച്ച് ഓണചന്തകൾ വഴി വിറ്റഴിക്കുന്നതാണ്. കൃഷി വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുകയും, കർഷകരുടെ ഉല്പന്നങ്ങൾ നേരിട്ട് സംഭരിക്കുകയും ചെയ്യുന്നതാണ്. വിവിധ പദ്ധതികളിൽ ആരംഭിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ ശക്തിപ്പെടുത്തുന്നതുമാണ്. |
| സി) | ജൈവ കൃഷിയിലേർപ്പെടുന്ന സംഘങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രോത്സാഹനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ? | സി) | ജൈവ കൃഷി ചെയ്യുന്ന ക്ലസ്റ്ററുകൾക്ക് (15 മുതൽ 25 ഹെക്ടർ സ്ഥലത്ത്) 75,000/- രൂപ വീതം സാമ്പത്തിക സഹായം നല്കും. മണ്ണിര കമ്പോസ്റ്റിന് 7500/- രൂപ വീതവും, റൂറൽ കമ്പോസ്റ്റിന് യൂണിറ്റിന് 5000/- രൂപ വീതവും ധനസഹായം നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ